**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6050** **09-11-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ ഇക്കോടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ മലയാറ്റൂർ, മൂന്നാർ ഫോറസ്റ്റ് ഡിവിഷനുകളുടെ കീഴിൽ വരുന്ന പിണവൂർകുടി, ക്ലാച്ചേരി, പൂയംകുട്ടി ചപ്പാത്തിനോട് ചേർന്നുള്ള കണ്ടംപാറ പൂയംകുട്ടി നദിയിലെ പീണ്ടിമേട് വെള്ളച്ചാട്ടം, വാടാട്ടുപാറ പ്രദേശത്തിന് സമീപം വരുന്ന പാലവൻപടി, ഇടമലയാറിനു സമീപം വൈശാലി ഗുഹ, പന്തപ്ര, മാമലക്കണ്ടം, കുട്ടമ്പുഴ പ്രദേശങ്ങൾ ഉൾപ്പെടുത്തി വനം വകുപ്പിന്റെ നേതൃത്വത്തിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | കോതമംഗലം മണ്ഡലത്തിൽ മലയാറ്റൂർ, മൂന്നാർ ഫോറസ്റ്റ് ഡിവിഷനുകളുടെ കീഴിൽ വരുന്ന പിണവൂർകുടി, ക്ലാച്ചേരി, പൂയംകുട്ടി ചപ്പാത്തിനോട് ചേർന്നുള്ള കണ്ടംപാറ പൂയംകുട്ടി നദിയിലെ പീണ്ടിമേട് വെള്ളച്ചാട്ടം, വാടാട്ടുപാറ പ്രദേശത്തിന് സമീപം വരുന്ന പാലവൻപടി, ഇടമലയാറിനു സമീപം വൈശാലിഗുഹ, പന്തപ്ര, മാമലക്കണ്ടം, കുട്ടമ്പുഴ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ വനം വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (ബി) | ആദിവാസി, വനസംരക്ഷണ സമിതി തുടങ്ങിയവരുടെ മേൽനോട്ടത്തിൽ ഇക്കോ ടൂറിസം പദ്ധതി ആരംഭിച്ചാൽ ടൂറിസം വികസനത്തോടൊപ്പം ഇവർക്ക് തൊഴിൽ കൂടി ലഭ്യമാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി) | വനം വകുപ്പിന് കീഴിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (EDC)/ വന സംരക്ഷണ സമിതികൾ (VSS) മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ആയത് വഴി വനാശ്രിത സമൂഹത്തിന് തൊഴിലും അതുവഴി ജീവനോപാധിയും പ്രദാനം ചെയ്യാൻ കഴിയുന്നുണ്ട്. |
| (സി) | ഇക്കോടൂറിസം പദ്ധതിക്ക് വലിയ സാധ്യതകളുള്ള മേൽപ്പറഞ്ഞ പ്രദേശങ്ങൾ കോർത്തിണക്കി കോതമംഗലം മണ്ഡലത്തിൽ ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കോതമംഗലം മണ്ഡലത്തിലെ മലയാറ്റൂർ, മൂന്നാർ ഫോറസ്റ്റ് ഡിവിഷനുകളിൽ പരിധിയിൽപ്പെട്ട മേൽ വനപ്രദേശങ്ങളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വർക്കിംഗ് പ്ലാൻ പ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ഇല്ല. കൂടാതെ മലയാറ്റൂർ ഡിവിഷൻ പരിധിയിൽപ്പെട്ട പൂയംകുട്ടി ചപ്പാത്തിനോട് ചേർന്നുള്ള കണ്ടംപാറ പൂയംകുട്ടി നദിയിലെ പീണ്ടിമേട് വെള്ളചാട്ടം, വാടാട്ടുപാറ പ്രദേശത്തിന് സമീപം വരുന്ന പാലവൻപടി, ഇടമലയാറിനു സമീപം വൈശാലിഗുഹ, പന്ത്രപ, മാമലക്കണ്ടം, കുട്ടമ്പുഴ എന്നീ പ്രദേശങ്ങളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികളുടെ സജീവ സാന്നിധ്യമുള്ള നിബിഡ വനപ്രദേശമാണ്. ടി വനമേഖലയോട് ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിലേക്കും, സമീപ റോഡുകളിലേക്കും |

| | | | |
|---|---|---|---|
| | | | വന്യജീവികൾ ഇറങ്ങി വന്ന് നാശനഷ്ടം വരുത്തുന്ന സംഭവങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ടി വനമേഖലകളിൽ ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കിയാൽ പ്രസ്തുത പ്രദേശങ്ങളിൽ മനുഷ്യ സാന്നിദ്ധ്യം വർദ്ധിക്കുന്നതുമൂലം വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് കോട്ടം സംഭവിക്കുന്നതിനും തൻമൂലം തൊട്ടടുത്ത ജനവാസമേഖലകളിലും പ്രസ്തുത പ്രദേശങ്ങളിലും മനുഷ്യ--വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിനും കാരണമായി തീരും. ആയതിനാൽ പ്രസ്തുത പ്രദേശം നിലവിലെ അവസ്ഥയിൽ നിലനിർത്തുന്നത് പരിസ്ഥിതി സംതുലനാവസ്ഥ നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. |

സെക്ഷൻ ഓഫീസർ